# പത്രങ്ങൾക്കെന്ത് ധാർമ്മികത?

**ഡി. പ്രദീപ്കുമാർ**

ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ രാഷ്ട്രീയ-മതനേതാക്കളുടെ അഴിമതികളും, കുത്തഴിഞ്ഞ ലൈംഗിക ജീവിതവും ജനങ്ങളിൽ നിന്ന് മറച്ചുവെക്കുന്നതിന്റെ പ്രത്യാഘാതമാണ് മഞ്ഞ പ്രസിദ്ധീകരണങ്ങളെന്ന് ആക്ഷേപിക്കപ്പെടുന്ന 'ക്രൈം' പോലുള്ള പത്തോളം മാധ്യമങ്ങൾ കേരളത്തിലിപ്പോൾ ചൂടപ്പം പോലെ വില്ക്കപ്പെടുന്നതിന് കാരണം. ഒരിടവേളയ്ക്ക് ശേഷം, ലിറ്റിൽ മാഗസിനുകൾക്ക് നമ്മുടെ സമൂഹത്തിൽ പുതുജീവനുണ്ടാകുന്നതും മുഖ്യധാരാ മാധ്യമങ്ങളുടെ സമ്പൂർണ്ണ പരാജയം അടിവരയിടുന്നു.

നിർഭയമായി, മായം ചേർക്കാതെ വാർത്തകളും വിശകലനങ്ങളും ജനങ്ങൾക്കെത്തിച്ച് അവരുടെ വിശ്വാസമാർജ്ജിച്ച് കോപ്പികൾ വർദ്ധിപ്പിക്കാനാവില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് കഴിഞ്ഞ കുറേ വർഷങ്ങളായി മലയാള പത്രങ്ങൾ ഇൻഷ്വറൻസ് കലോത്സവങ്ങൾ, സെമിനാറുകൾ, പ്രോഫിറ്റ് കാർഡുകൾ, സമ്മാനപദ്ധതികൾ തുടങ്ങിയവ മുതൽ സാക്ഷാൽ മണിചെയിൻ മാതൃകയിലുള്ള 'ദീപിക' ന്യൂസ് വേ ചെയിൻ വരെയുള്ള മാർക്കറ്റിങ്ങ് കുതന്ത്രങ്ങൾ പരീക്ഷിക്കുന്നത്. ആധുനിക വാർത്താവിതരണ സംവിധാനങ്ങൾ ഉപയോഗിക്കുമ്പോഴും, ജാതകഫലം പോലുള്ള കടുത്ത അന്ധവിശ്വാസങ്ങളെ വെള്ളപൂശി വാണിജ്യ വല്ക്കരിക്കുകയാണിവർ. സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ മുന്നേറ്റങ്ങളിൽ ഉപേക്ഷിക്കപ്പെട്ട ആചാരാനുഷ്ഠാനങ്ങളെ പുനരുജ്ജീവിപ്പിക്കുകയും, ദിവ്യാത്ഭുത രോഗ ശാന്തി, യാഗങ്ങൾ, യജ്ഞങ്ങൾ, കോടി അർച്ചനകൾ, ധ്യാനങ്ങൾ തുടങ്ങിയ മതപരവും അല്ലാത്തതുമായ ഘടകങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് ഏതു ഹീനമാർഗ്ഗങ്ങളിലൂടെയും ധനസമ്പാദനം നടത്തുകയാണ് നമ്മുടെ പത്രങ്ങൾ. ഭ്രാന്തമായ ഈ പണക്കൊതിയിൽ മൂല്യങ്ങളും, ധാർമ്മികതയുമൊന്നും തടസ്സമാകുന്നില്ല

**മാധ്യമരംഗത്ത് വിലക്കുവാങ്ങാനാകാത്തത്**

**(മുൻലക്കം തുടർച്ച)**

അല്ലെങ്കിൽ തന്നെ, പത്രങ്ങൾക്കെന്ത് ധാർമ്മികത? ജനാധിപത്യത്തിന്റെ 'കാവൽഭടന്മാരും', 'നെടുംതൂണുകളു'മൊക്കെയായ പത്രങ്ങളുടെ ഗേയ്റ്റിനകത്ത് ജീവനക്കാർക്ക് പരിമിത സ്വാതന്ത്ര്യം പോലുമില്ല. ഏതു പത്രപ്രവർത്തകനും ഇതിന് സാക്ഷ്യം പറയും. 'മാതൃഭൂമി'യും 'കേരളകൗമുദി'യിലും ഇപ്പോൾ പേരിനെങ്കിലും പത്രപ്രവർത്തകരുടെയും മറ്റു ജീവനക്കാരുടെയും ട്രേഡ് യൂണിയനുകളുണ്ട്. 'മലയാള മനോരമ'യിലോ? ദേശാഭിമാനിയിലോ? അപ്പുക്കുട്ടൻ വള്ളിക്കുന്നിനോട് ബൂർഷ്വാ മാനേജ്മെന്റുകൾ കാണിക്കുന്ന കാരുണ്യം പോലും ഇടതുപക്ഷ ജനകീയ ജനാധിപത്യക്കാർ കാട്ടുന്നില്ലല്ലോ?

> **പത്രമാധ്യമരംഗത്ത് സ്വദേശിയോ, വിദേശിയോ പ്രശ്നമല്ല. പൊതുജനങ്ങളുടെ വിശ്വാസ്യത ആർജ്ജിക്കുന്ന ഏതു മാധ്യമവും വിജയിക്കും. ചരിത്രപാഠവും അതുതന്നെ.**

പത്രപ്രവർത്തകർക്ക് പ്രവർത്തന സ്വാതന്ത്ര്യമില്ലെന്നതോ പോകട്ടെ, (ഇപ്പോൾ അത്തരം അമിത മോഹങ്ങളൊന്നും ആർക്കുമില്ലല്ലോ?) മതിയായ പ്രതിഫലം കിട്ടുന്നില്ല. ചോരനീരാക്കി ജോലിയെടുക്കുന്നവർക്ക് അർഹമായ വേതനം കൂടി കൊടുക്കാത്തവരാണ് നമ്മുടെ പത്രമാനേജ്മെന്റുകൾ. 'മലയാള മനോരമയും' 'മാതൃഭൂമിയും' പോലും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ക്രൂരമായി ചൂഷണം ചെയ്യുന്നു. പി.ജിയും ജേർണ്ണലിസത്തിൽ ഡിപ്ലോമയോ പി.ജി.യോ കൂടി ഉള്ളവർ ടെസ്റ്റെഴുതി, ഇന്റർവ്യൂവും, രഹസ്യാന്വേഷണവും കടന്ന് നിയമിക്കപ്പെടുന്നതോ, തുച്ഛവേതനത്തിൽ ട്രെയിനിയായി. 'മനോരമയിൽ' ഒരു വർഷവും മാതൃഭൂമിയിൽ രണ്ടുവർഷവും, മറ്റിടങ്ങളിൽ തോന്നുമ്പടിയുമാണ് ഈ പീഡനകാലം. ട്രെയിനിങ്ങ് കഴിഞ്ഞ് 6 മാസവും ഒരു വർഷവും, അതിനപ്പുറവും, പ്രൊബേഷൻ. ഈ സമയത്ത് എപ്പോഴും ഒരു വാക്കുപോലും ചോദിക്കാതെ, പിരിച്ചയക്കപ്പെടാം. പാർട്ടൈം, പ്രാദേശികലേഖകരായി നിയമിക്കപ്പെടുന്നവരുടെ കാര്യമാണ് ഏറെ കഷ്ടം. ഏറ്റവും ക്രൂരമായ ചൂഷണത്തിനിരയാകുന്നത് ഇക്കൂട്ടരാണ്. മാന്യമായ വേതനമോ ജോലി സ്ഥിരതയോ ഇല്ല. ആനുകൂല്യങ്ങളൊന്നുമില്ല.

ലിംഗ വിവേചനവും, ജാതി വിവേചനവും മലയാള പത്രങ്ങളുടെ മുഖമുദ്രയാണ്. മലയാളത്തിന്റെ പത്രമുത്തശ്ശിയുടെ ആദ്യ മുഖപ്രസംഗം അന്നത്തെ ഹരിജനങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം നല്കുന്നതിനെ കുറിച്ചായിരുന്നുവെത്രേ. പക്ഷെ 114 വർഷത്തെ ചരിത്രത്തിലിന്നുവരെ ഒരു ദളിതനെപ്പോലും താക്കോൽ സ്ഥാനത്ത് നിയമിക്കാത്ത വരാണ് മനോരമക്കാർ. തങ്ങളുടെ വാതിലുകൾ സ്ത്രീകൾക്കായി തുറന്നു കൊടുക്കുവാൻ അവർ ഒരു നൂറ്റാണ്ടെടുത്തു എന്നു കൂടി അറിയുക. ( കെ. ആർ. മീരയാണ് മലയാള മനോരമയിലെ ആദ്യത്തെ വനിതാ ജേർണ്ണലിസ്റ്റ്). മാതൃഭൂമിയിലും കേരളകൗമുദിയിലും, ദേശാഭിമാനിയിലുമെല്ലാം പ്രധാനസ്ഥാനങ്ങളിൽ ദളിതു വിഭാഗത്തിലെ ഒരു പത്രപ്രവർത്തകൻ പോലുമില്ല. അധ:സ്ഥിതർക്കായി വാദിക്കുന്ന 'പുരോഗമന' ദിനപത്രങ്ങളായ കേരളകൗമുദിയിലും മാധ്യമത്തിലും പേരിനുപോലും ഒരു വനിതാ ജേർണ്ണലിസ്റ്റില്ല.

ഈ ദിനപത്രങ്ങളാണോ നമ്മുടെ ജനാധിപത്യത്തിന്റെ സംരക്ഷകർ? ഇവരാണോ, ദളിതർക്കും, സ്ത്രീകൾക്കും, വികലാംഗർക്കും വാതിൽ തുറന്നിട്ടിരിക്കുന്ന,

# പത്രങ്ങൾക്കെന്ത് ധാർമ്മികത?

(4ാം പേജ് തുടർച്ച)

ജീവനക്കാർക്ക് മാന്യമായ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്ന, ഉന്നത ഗുണനിലവാരമുള്ള വിദേശ പത്രങ്ങളെ അടച്ചാക്ഷേപിക്കുന്നത്?

മതപരമോ, വംശപരമോ, ലിംഗപരമോ, ആയ യാതൊരു വിവേചനങ്ങളും പുലർത്താത്ത, പ്രാദേശിക താല്പര്യങ്ങൾ തീരെയില്ലാത്ത വിദേശ പത്രങ്ങളെയും, അവയിലെ പത്രപ്രവർത്തകരെ പരിശീലിപ്പിക്കുന്നവരെയും എന്നും ഭയബഹുമാനത്തോടെ മാത്രം നോക്കിക്കാണുന്നവരാണ് ഇന്ത്യയിലെ പത്രം ഉടമകൾ. തോംസൺ ഫൗണ്ടേഷന്റെ സായിപ്പന്മാരെ വിളിച്ചുവരുത്തി തങ്ങളുടെ പത്രക്കാരെ പരിശീലിപ്പിക്കുമ്പോഴും, പത്രത്തിന്റെ രൂപകല്പന പൊളിച്ചെഴുതിപ്പിക്കുമ്പോഴും, അത് നമ്മുടെ 'സാംസ്കാരിക പൈതൃകത്തിനും ദേശീയതയ്ക്കും ഭീഷണി ഉയർത്തുമെന്ന് എന്തേ ഇവർക്കാർക്കും തോന്നിയില്ല?

സത്യത്തിൽ, ഇന്ത്യയിലെ പത്രം ഉടമകൾക്ക് വിദേശ പത്രപ്രവർത്തകരെയും, ഉടമസ്ഥരെയും ഭയമാണ്. തങ്ങളുടെ ലിറ്റിൽനെസ് ഓർത്ത്. മാന്യമായ പ്രതിഫലം നൽകിയാൽ വിദേശ ഉടമകളുടെ കീഴിൽ ജോലിചെയ്യാൻ നമ്മുടെ പത്രപ്രവർത്തകർക്ക് മടിയില്ല മാത്രമല്ല, അവർക്ക് ഏറെ സ്വാതന്ത്ര്യവും നൽകും. ഈ രംഗത്തെ പ്രതിഭകൾ കൂടുമാറുന്നതോടെ ഇന്ത്യൻ പത്രങ്ങൾ വീണ്ടും ശുഷ്കമാകും. അവരെ ചൂഷണം ചെയ്യുന്നതിന് അറുതി വരും.

വായനക്കാരുടെ കാര്യമോ? പത്രം സ്വദേശിയോ വിദേശിയോ എന്നതൊന്നും അവർക്ക് പ്രശ്നമല്ല. പത്രത്തിന്റെ മുഖമുദ്ര വിശ്വാസ്യത, അത് ഒന്നു മാത്രമാണ്. സത്യസന്ധമായി വാർത്തകളും, വിശകലനങ്ങളും എത്തിക്കുന്ന പത്രങ്ങൾ നിലനിൽക്കും, വളർന്ന് പന്തലിക്കും. മൂലധനമിറക്കിയും, ഭരണയന്ത്രമുപയോഗിച്ചും, പ്രലോഭിപ്പിച്ചും ജനവിശ്വാസം ആർജ്ജിക്കാൻ ആർക്കുമാവില്ല. വാർത്തകൾ (ഉള്ളടക്കം) എല്ലാം നിശ്ചയിക്കും സത്യത്തിന്റെ നാവേ ജനജിഹ്വകളാകൂ.

പത്രമാധ്യമരംഗത്ത് അതുകൊണ്ട് സ്വദേശിയോ, വിദേശിയോ പ്രശ്നമല്ല. പൊതുജനങ്ങളുടെ വിശ്വാസ്യത ആർജ്ജിക്കുന്ന ഏതു മാധ്യമവും വിജയിക്കും. ജനാധിപത്യത്തിന്റെ നെടും തൂണുകൾ, കാവൽഭടർ അവർ മാത്രമായിരിക്കും. ചരിത്രപാഠവും അതുതന്നെ.